കസ്തൂരിരംഗൻ റിപ്പോർട്ട്

309 (2184) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശ്ചിമഘട്ട സംരക്ഷണത്തിന് ഗാഡ്ഗിൽ സമിതി റിപ്പോർട്ടാണോ അതിനെക്കുറിച്ച് പഠിക്കുവാൻ നിയോഗിച്ച കസ്തൂരിരംഗൻ റിപ്പോർട്ടാണോ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) കസ്തൂരി രംഗൻ റിപ്പോർട്ടിൽ സംസ്ഥാനത്തെ എത്ര വില്ലേജുകളാണ് പരിസ്ഥിതി ലോലപ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ളതെന്ന വ്യക്തമാക്കുമോ ;

(സി) ഈ വില്ലേജുകളിൽ ഏതെങ്കിലും തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ഡി) ഈ വില്ലേജുകളിൽ ജനങ്ങൾക്ക് അവരുടെ ഭൂമി സ്വന്തമായി ക്രയവിക്രയം ചെയ്യുന്നതിനും പണയപ്പെടുത്തുന്നതിനും തടസ്സം സൃഷ്ടിച്ചുകൊണ്ടുള്ള എന്തെങ്കിലും ഉത്തരവുകൾ ഏതെങ്കിലും വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതു നീക്കം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നതും നടപടികൾ സ്വീകരിക്കുന്നതും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയമാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കാനാണ് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുള്ളത്.

(ബി) 123 വില്ലേജുകൾ.

(സി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 20-12-2013-ൽ പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടം പ്രകാരം ഖനനം, പാറഖനനം, മണൽ വാരൽ, താപോർജ്ജ പ്ലാന്റുകൾ, 20,000 ചതുരശ്ര മീറ്ററോ അതിലധികമോ വലിപ്പമുള്ള കെട്ടിട നിർമ്മാണം, 50 ഹെക്ടറോ അതിലധികമോ ഉള്ള നഗര വികസന പദ്ധതികൾ, 150000 ചതുരശ്ര മീറ്ററോ അതിലധികമോ ഉള്ള കെട്ടിട സമുച്ചയങ്ങൾ, ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെടുന്ന വ്യവസായങ്ങൾ എന്നിവയ്ക്ക് നിയന്ത്രണമുണ്ട്.

(ഡി) പരിസ്ഥിതി വകുപ്പിൽനിന്നും ഇത്തരം ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly